LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് ചെയ്യാവുന്നതൊക്കെ ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ഫണ്ട് കൊടുത്തിട്ടുണ്ട്. അതിന്റെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ പറയുന്നത്, ഡിപ്പോയുടെ നവീകരണത്തിന്, തിരുവനന്തപുരം നോർത്ത് എം.എൽ.എ. ശ്രീ. കെ. മോഹൻകുമാറിന്റെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്റ്റേഷൻമാസ്റ്റർ ഓഫീസ്, ടിക്കറ്റ് കൗണ്ടർ, യാത്രാക്കാർക്കുള്ള വിശ്രമ സങ്കേതം, ടോയ്ലറ്റ് മുതലായ സൗകര്യങ്ങളോടുകൂടിയ ഇരുനില കെട്ടിടം നിർമ്മിക്കുവാനുള്ള തീരുമാനം എടുക്കുകയും തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യണമെന്നാണ്. അതിനുള്ള നടപടികൾ നടക്കുന്നുണ്ട്. മെഡിക്കൽ കോളേജിന്റെ ഭാഗത്ത് ഒരെണ്ണം വേണ്ടതാണ്. പക്ഷേ പണം കൊടുത്ത് സ്ഥലംവാങ്ങാനുള്ള കഴിവ് ഇല്ലാത്തതു കൊണ്ടാണ്. ഒരു സബ് ഡിപ്പോയ്ക്കോ അല്ലെങ്കിൽ ഒരു ഓഫീസിനോ കെ.എസ്.ആർ.ടി.സി.-ക്ക് പണം മുടക്കുവാൻ കഴിയില്ല. അതിന് ആവില്ല, അതാണ് സത്യം. ട്രിഡ ഇതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുതരാമെന്ന് ഏറ്റിട്ടുണ്ട്. അങ്ങനെ ട്രിഡയുടെ സഹായത്തോടുകൂടി സ്ഥലവും സൗകര്യവും തരുകയാണെങ്കിൽ ആ മുറയ്ക്ക് ചെയ്യുമെന്നാണ് വ്യവസ്ഥ വച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞത്, സ്ഥലമുണ്ടിരിക്കുന്നുവെന്നാണ് അത് വിലകൊടുത്തു വാങ്ങേണ്ട സ്ഥലമാണ്. അത് വാങ്ങുവാൻ നമുക്ക് നിവൃത്തിയില്ല. ട്രിഡ സൗകര്യപ്പെടുത്തി തരുന്നപക്ഷം തീർച്ചയായും മെഡിക്കൽകോളേജിനോട് ചേർന്നുള്ള ആ പ്രദേശത്ത് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ സബ് ഡിപ്പോയും മറ്റു സൗകര്യങ്ങളുമൊക്കെ ഏർപ്പെടുത്തുന്ന കാര്യം തീർച്ചയായും പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ : കുറച്ച് കൺജഷൻ മെഡിക്കൽ കോളേജ് ഭാഗത്തുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സ്ഥലം തരാൻ ട്രിഡയുമായി ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. സെൻട്രൽ ബസ്സ്റ്റേഷൻ അവിടെനിന്ന് മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാം. സെൻട്രൽ ഡിപ്പോയും മാറ്റുകയാണ്. ഈഞ്ചയ്ക്കൽ എന്ന സ്ഥലത്തേക്കാണ് അത് മാറ്റാൻ ഉദ്ദേശിക്കുന്നത്. ശ്രീ. ബാബു ജേക്കബ് ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി ഈ കാര്യം പരിഗണിക്കുകയും കിഴക്കേക്കോട്ട ബസ് സ്റ്റാന്റും തമ്പാനൂർ ബസ് സ്റ്റാന്റും സംബന്ധിച്ച് ചില മാറ്റങ്ങൾ വരുത്താൻ ആലോചിച്ചുകൊണ്ടിരിക്കുകയുമാണ്. അങ്ങനെ വന്നാൽ സെൻട്രൽ ബസ് സ്റ്റേഷനിൽനിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ദീർഘദൂര ബസ് സർവ്വീസുകളൊക്കെ നാഷണൽ ഹൈവേയിലെ ഈഞ്ചയ്ക്കൽ എന്ന സ്ഥലത്ത് നിന്ന് ഓപ്പറേറ്റ് ചെയ്യുന്നതാണ്. ഈ ബസ്സ്റ്റേഷൻ മാറ്റാനുള്ള സാമ്പത്തികസഹായം ചെയ്യാമെന്ന് തിരുവനന്തപുരം വികസന കമ്മിറ്റി സമ്മതിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം ഉണ്ടാകും.

10.00A.M.]

(5) നെടുമങ്ങാട് റവന്യൂ ടവറിന്റെ നിർമ്മാണം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ 1995-ൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച റവന്യൂ ടവറിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ 8 വർഷമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ഈ പണി ഏറ്റെടുത്ത കരാറുകാരൻ ഇടയ്ക്കിടെ പണിനിർത്തി വയ്ക്കുന്നതാണ് ഈ പണി പൂർത്തിയാക്കാൻ

തടസ്സമായി നിൽക്കുന്നത്. ബഹുമാനപ്പെട്ട ഭവനനിർമ്മാണ വകുപ്പുമന്ത്രി കഴിഞ്ഞ തവണ സഭയിൽ പറഞ്ഞത് കരാർ റീ-ഓപ്പൺ ചെയ്ത് പുതിയ ഒരു കരാറുകാരനെ ഏൽപ്പിച്ച് ജൂൺ മാസത്തിനുമുമ്പ് പണി പൂർത്തീകരിക്കുമെന്നാണ്. എന്നാൽ കാര്യമായ പുരോഗതി ഇതുവരെ ഉണ്ടായിട്ടില്ല. ഗവൺമെന്റ് അടിയന്തിരമായി ഇതിൽ ഇടപെട്ട് റവന്യൂടവറിന്റെ നിർമ്മാണപ്രവർത്തങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി, ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ, നെടുമങ്ങാട് റവന്യൂ ടവറിന്റെ മുടങ്ങിക്കിടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഈ കഴിഞ്ഞ 16-ാം തീയതി പുനരാരംഭിച്ചിട്ടുണ്ട്. ഈ നിർമ്മാണജോലികൾ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

(6) ജി.എൽ.എസ്. സബ് സ്റ്റേഷനുകൾ കമ്മിഷൻ ചെയ്യണമെന്ന ആവശ്യം

ശ്രീ. ടി. പി. എം. സാഹിർ : സർ, 500 കോടിയിലധികം രൂപ കഴിഞ്ഞ 10 വർഷമായി ചെലവഴിച്ച ജി.എൽ.എസ്. സബ് സ്റ്റേഷനുകൾ കമ്മിഷൻ ചെയ്യാൻ വേണ്ടി കേവലം 70 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് എഴുത്തുകുത്തുകൾ ഇന്നും നടത്തിക്കൊണ്ടിരിക്കുന്നു. ജി.എൽ.എസ്. സബ് സ്റ്റേഷനുകളുടെ പണി കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങളിലെ പ്രസരണ നഷ്ടവും വൈദ്യുതി ക്രമീകരണവും മെച്ചപ്പെടുത്താൻവേണ്ടി 1990-ൽ ആരംഭിച്ചതാണ്. ഇന്നും അവ ശൈശവദശയിൽത്തന്നെ നീങ്ങുന്നു. 500 കോടി രൂപയിലധികം ചെലവഴിച്ചിട്ട് 70 ലക്ഷത്തിന്റെ ഒരു പേപ്പർവർക്ക് ഇപ്പോൾ നീട്ടിക്കൊണ്ടു പോകുന്ന ഈ പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കാൻ ശ്രദ്ധിക്കണം എന്നതാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതിവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വൈദ്യുതിബോർഡ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതിൽപ്പെടുന്നതാണ് ഈ പദ്ധതി. തിരുവന്തപുരത്ത് 24.38 കോടി രൂപ ചെലവായിട്ടുണ്ട്. 13.13 കിലോമീറർ കേബിൾ ഇട്ടുകഴിഞ്ഞു. കൊച്ചിയിലും 9.5 കിലോമിറ്റർ കേബിൾ ഇട്ടുകഴിഞ്ഞു. കോഴിക്കോട് പുതിയതായി ജി.എൽ.എസ്. സ്റ്റേഷൻ മിക്കവാറും പണി തീർന്നു. ഒരു പ്രശ്നമുള്ളത് ഇതിന്റെ പണിചെയ്ത കമ്പനി ഇവിടെവന്ന് പണിയണം, എന്നതാണ്. അവർക്കുമാത്രമേ ഇതു പറ്റുകയുള്ളൂ. 80 ലക്ഷം രൂപയാണ് അവർ ആവശ്യപ്പെട്ടത്. ജി.എൽ.എസ്. സബ് സ്റ്റേഷന് മെറ്റീരിയൽ സപ്ലൈ ചെയ്ത വിദേശ കമ്പനിയിലെ ഉദ്യോഗസ്ഥർ കേരളത്തിൽവന്ന് ടെസ്റ്റ്ചെയ്ത് ഇത് കമ്മീഷൻ ചെയ്യാനുള്ളതാണ്. പ്രസ്തുത തുക നൽകാനായി ബോർഡ് തീരുമാനമെടുത്തു. പ്രസ്തുത തുകയ്ക്ക് തുല്യമായ വിദേശനാണയം റിസർവ് ബാങ്കിൽനിന്നും ലഭിക്കാനുള്ള നടപടി എടുത്തുവരുന്നു. അതിന്റെ താമസം മാത്രമാണുള്ളത്. വിദേശ കറൻസി കമ്പനിക്ക് അയച്ച ഉടൻ ഉദ്യോഗസ്ഥർ കോഴിക്കോട് എത്തിച്ചേരുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്. അവർ വരുന്ന മുറയ്ക്ക് പണി തീർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly